**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 172** **30.11.2015 ന് മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കാസർകോട് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടങ്ങളുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്നും എത്ര രൂപ ചെലവഴിച്ച് എപ്പോൾ നിർമ്മിച്ചതാണെന്നും വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് എക്സൈസ് സർക്കിൾ ഓഫീസിനും റെയ്ഞ്ചാഫീസിനും 10.06.2003 ലെ ജി.ഒ(ആർ.ടി) നം.384/2003/ടി.ഡി ഉത്തരവ് പ്രകാരം 26 ലക്ഷത്തിന്റെ ഭരണാനുമതിയും, കുമ്പള ശാന്തിപള്ളത്ത് കുമ്പള റെയിഞ്ചാഫീസിന് 14.01.2004 ലെ ജി.ഒ.(ആർ.ടി) നം.23/2004/ടി.ഡി ഉത്തരവ് പ്രകാരം 13 ലക്ഷത്തിന്റെ ഭരണാനുമതിയും, നിലേശ്വരത്ത് നീലേശ്വരം റെയ്ഞ്ചാഫീസിനും, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിനും പൊതുമരാമത്ത് വകുപ്പിന്റെ 14.07.2009 ലെ ജി.ഒ(ആർ.ടി)നം.1048/2009/ പൊ.മ.വ ഉത്തരവ് പ്രകാരം 270 ലക്ഷം രൂപയ്ക്ക് കെട്ടിട നിർമ്മാണത്തിന് ഉത്തരവായിട്ടുള്ളതും ടി കെട്ടിടങ്ങളുടെ യെല്ലാം നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചിട്ടുള്ളതുമാണ്. |
| (ബി) കാസർകോഡ് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസുകളിൽ ഏതെല്ലാമാണ്; ഈ കെട്ടിടങ്ങൾക്ക് നൽകുന്ന മാസ വാടക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) കാസർഗോഡ് ജില്ലയിൽ ബദിയഡുക്ക റെയിഞ്ചാഫീസ്, ബന്തടുക്ക റെയിഞ്ചാഫീസ്, ആദൂർ, പെർള താത്ക്കാലിക ചെക്ക്പോസ്റ്റുകൾ എന്നിവയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ബദിയഡുക്ക റെയിഞ്ചാഫീസിന് പ്രതിമാസം 9114/- രൂപയും, ബന്തടുക്ക റെയിഞ്ചാഫീസിന് 5428/- രൂപയും, ആദൂർ താത്ക്കാലിക ചെക്ക്പോസ്റ്റിന് 1000/- രൂപയും |

പെർള താത്ക്കാലിക ചെക്ക്പോസ്റ്റിന് 1197/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | കാസർകോട് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | ഉണ്ട്. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് എക്സൈസ് കോംപ്ലക്സ്, ബദിയഡുക്കയിൽ ബദിയഡുക്ക റെയിഞ്ചാഫീസ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഉദ്ദേശത്തോടെ SOR 2014 പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബന്തടുക്ക റെയിഞ്ചാഫീസിന് കെട്ടിട നിർമ്മാണത്തിനായി 20.07.13 ലെ സ.ഉ(സാധാ) നം.569/13/നി.വ. ഉത്തരവ്വ പ്രകാരം 78 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**